## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1798

14.07.2011 - ൽ
മറുപടിയ്ക്ക്

### 'തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അടിയന്തിര ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങിയ സംഭവത്തിന്മേൽ സ്വീകരിച്ച നടപടി'

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ് | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രണ്ടാഴ്ചയായി അടിയന്തിര ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങിയതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. അടിയന്തിര ഹൃദയ ശസ്ത്രക്രിയകൾക്കാവശ്യമായ ഹാർട്ട് ലംഗ് മെഷീന് പെട്ടെന്നുണ്ടായ സാങ്കേതിക തകരാർ നിമിത്തം ഒന്നു രണ്ടു ദിവസം സർജറികൾ മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) സർവ്വീസ് എഞ്ചിനീയറെ ചെന്നൈയിൽ നിന്നും വരുത്തി പ്രസ്തുത മെഷീന്റെ തകരാർ പരിഹരിക്കുകയും ശസ്ത്രക്രിയകൾ പുനഃരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വികരിക്കുമോ? | (സി) കോംപ്രിഹെൻസീവ് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നിലവിലുള്ളതിനാൽ മെഷീന്റെ തകരാറുകൾ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ പുതിയ ഹാർട്ട് ലംഗ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ